പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3091 — 13.03.2018-ലെ മറുപടിക്ക്

## നെയ്യാറ്റിൻകര ഡിപ്പോയിലെ അന്തർ സംസ്ഥാന സർവീസുകളും ഡീസൽ പമ്പും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ആൻസലൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ എസ് ആർ ടി സി നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും പുതിയതായി ആരംഭിക്കുന്ന അന്തർസംസ്ഥാന ബസുകൾ ഏതൊക്കെ ആണ്; അതിന്റെ റൂട്ടും സമയവും വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാനവും തമിഴ്നാട് സംസ്ഥാനവുമായുള്ള അന്തർസംസ്ഥാന കരാർ രൂപീകരണം സംബന്ധിച്ച പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി അന്തർ സംസ്ഥാന കരാർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ബസ്സും, സമയവും, സർവ്വീസ് ആരംഭിക്കുന്ന യൂണിറ്റും സംബന്ധിച്ച തീരുമാനങ്ങൾ രൂപീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | അന്തർ സംസ്ഥാന സർവ്വീസ് തുടങ്ങുന്നതിന് നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് എത്ര പുതിയ ബസ് ആണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; ഇത് ഇംപ്ലിമെന്റ് ചെയ്യുന്നത് ആരെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | 27.02.2018-ൽ ഇരുസംസ്ഥാനങ്ങളിലേയും ഗതാഗത മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പുതിയ അന്തർസംസ്ഥാന കരാർ രൂപീകരണം സംബന്ധിച്ച പ്രാഥമികയോഗം നടന്നിട്ടുള്ളതാണ്. സർക്കാർ തലത്തിൽ അന്തർസംസ്ഥാന കരാർ രൂപീകരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ബസ്സും സമയവും ആരംഭിക്കുന്ന യൂണിറ്റും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |
| (സി) | അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നത് ഏതു മാസത്തിൽ ആണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിലെ ഡീസൽ പമ്പ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കാമോ ? | (ഡി) | കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിലെ ഡീസൽ പമ്പ് പുന:സ്ഥാപിക്കുന്നതിനാവശ്യമായ നിരാക്ഷേപ പത്രിക (No Objection Certificate) ജില്ലാ കലക്ടറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ